# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാല 2017-18 വർഷത്തെ പോസ്റ്റ്-ഡോക്ടറൽ ഗവേഷണ ഫെലോഷിപ്പ് അനുവദിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ6 വിഭാഗം

സ.ഉ.നം.5554/എ6/2/പി.ഡി.എഫ്/16452/2017/അക്കാദമിക് പി.ഡി.ഹിൽസ്,തീയതി: 15.09.2017

---

പരാമർശം:- 1. 29.12.2016ലെ സർവകലാശാല വിജ്ഞാപനം നം.എസി.എ6/2/പി.ഡി.എഫ്/2017

2. 02.02.2017ൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസിൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗത്തിൻെറ മിനിട്സ്.
3. 31.05.2017ൽ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ കൂടിയ സെലക്ഷൻ കമ്മിറ്റിയോഗത്തിൻെറ മിനിട്സ്.
4. 25.07.2017ൽ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ്സിൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗത്തിൻെറ മിനിട്സ്.
5. 28.06.2017ൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്സിൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗത്തിൻെറ മിനിട്സ്.
6. 02.05.2017ൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗത്തിൻെറ മിനിട്സ്

## <u>ഉത്തരവ്</u>

2017-18ലെ സർവകലാശാലാ പോസ്റ്റ് ഡോക്ടറൽ റിസേർച്ച് ഫെല്ലോഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനപ്രകാരം സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസിൽ നിന്നും ഡോ. പി.കെ. റെജിമോൻ, ഡോ. ഗിരിലാൽ എം.കെ. എന്നിവരും, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നിന്നും ഡോ.ശ്രീജാമോൾ എസും, സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ്സിൽ നിന്നും ഡോ. ആൻ മേരി തോമസും, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്സിൽ നിന്നും ഡോ. ജൂബി മാത്യുവും സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും ഡോ. ഹരികൃഷ്ണനും അപേക്ഷകൾ സമർപ്പിച്ചിരുന്നു. മേൽപ്പടി അപേക്ഷകൾ ക്രമപ്രകാരം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റികൾ പരിഗണിക്കുകയും നിർദ്ദേശിക്കപ്പെട്ട ഗവേഷണ വിഷയങ്ങൾ ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. മേൽപ്പടി അപേക്ഷകളും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സെലക്ഷൻ കമ്മിറ്റി യോഗത്തിൻെറ മിനിട്സുകളും സഹിതം അതതു വകുപ്പു തലവന്മാർ സർവകലാശാലയിൽ സമർപ്പിച്ചു.

പ്രസ്തുത വിഷയം പരിഗണിച്ച ബഹു: വൈസ് ചാൻസലർ താഴെ പട്ടികയിൽ വിവരിക്കുന്നവർക്ക് പ്രതിമാസം 12,000/- രൂപ നിരക്കിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പും പ്രതിവർഷം 15,000/- രൂപ നിരക്കിൽ കണ്ടിജൻസി ഗ്രാന്റും പ്രവേശന തിയതി മുതൽ പരമാവധി രണ്ടു വർഷക്കാലത്തേയ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | ഗവേഷകരുടെ പേര് | ഡിപ്പാർട്ട്മെന്റിന്റെ പേര് | ഗവേഷണ മാർഗ്ഗദർശികളുടെ പേര് | ഗവേഷണ വിഷയം |
|---|---|---|---|---|
| 1. | ഡോ.പി.കെ.റജിമോൻ | സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്പ്മെന്റ് സ്റ്റഡീസ് | ഡോ.സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ | Aesthetics of Indian Music – A Study |
| 2. | ഡോ.ഗിരിലാൽ. കെ.എം. | " | ഡോ.സന്ധ്യ ആർ.എസ്. | Reappraisal on Mahatma Gandhi's Educational Philisophy Nayi-Talim |
| 3. | ഡോ.ശ്രീജ മോൾ എസ്. | സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് | ഡോ. ഗിരീഷ് കുമാർ ആർ. | Inclusive Growth and Agro processing Industry : A Case Study of Employment Generation in KINFRA Food parks |
| 4. | ഡോ. ആൻ മേരി തോമസ് | സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് | ഡോ. സജ്ന ജലീൽ | E-Content Development in Science based on 4MAT System of Instructional Design for Secondary Education |
| 5. | ഡോ.ജൂബി മാത്യു | സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് | ഡോ. ആർ.വിജയകുമാർ | Multilinear Principle Component Analysis with Neural Network for Disease Diagnosis on Big Data |
| 6. | ഡോ. ഹരികൃഷ്ണൻ | സ്കൂൾ ഓഫ് ലറ്റേഴ്സ് | ഡോ. പി.എസ്.രാധാകൃഷ്ണൻ | " പുടയൂർ ഭാഷ: ഒരു വ്യവഹാര വിശകലനം. |

ഫെലോഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അതാത് സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിൽ തന്റെ ഗവേഷക മാർഗ്ഗദർശിയുടെ കീഴിൽ മുഴുവൻസമയ ഗവേഷക വിദ്യാർത്ഥിയായി ജോലി ചെയ്യേണ്ടതും ഫെലോഷിപ്പ് കാലയളവിൽ മറ്റു ചുമതലകൾ വഹിക്കാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിലുള്ള ശമ്പളമോ സ്റ്റൈപ്പന്റോ ഓണററി പദവിയിൽപോലും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു. ടി ഗവേഷക വിദ്യാർത്ഥിയുടെ ഹാജർ, പെരുമാറ്റം, ഗവേഷണ പുരോഗതി എന്നീ കാര്യങ്ങളുടെ മേൽനോട്ടവും ചുമതലയും ഗവേഷക മാർഗ്ഗദർശിയ്ക്കായിരിക്കും. ആഴ്ചയിൽ അഞ്ച് മണിക്കൂർ മേൽപ്പടി പോസ്റ്റ് ഡോക്ടറൽ വിദ്യാർത്ഥിയ്ക്ക് അദ്ധ്യാപനത്തിന് അനുവദിച്ച് നൽകേണ്ടതാണ്.

പോസ്റ്റ് ഡോക്ടറൽ ഗവേഷക വിദ്യാർത്ഥി നിശ്ചിത ഫോർമാറ്റിൽ ക്വാർട്ടെർലി പ്രോഗ്രസ് റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്. താൻ ചെയ്ത ഗവേഷണത്തിന്റെ വിശദമായ ഒരു റിപ്പോർട്ട് ഒന്നാം വർഷത്തിന്റെ അവസാനം ടിയാൾ സമർപ്പിക്കേണ്ടതും അപ്രകാരം ചെയ്യാതെ വന്നാൽ ഫെലോഷിപ്പ് നിർത്തലാക്കുന്നതുമാണ്. രണ്ടാം വർഷത്തെ വാർഷിക റിപ്പോർട്ട് മറ്റ് സർവ്വകലാശാലകളിലെ വിദഗ്ധരെക്കൊണ്ട് മൂല്യനിർണ്ണയം നടത്തുന്നതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ ഏതെങ്കിലും തെറ്റാണെന്ന് തെളിഞ്ഞാൽ ടിയാളുടെ ഫെലോഷിപ്പ് ഉടൻ തന്നെ റദ്ദാക്കുന്നതാണ്. പ്രത്യേക കാരണം വ്യക്തമാക്കാതെ തന്നെ ഫെലോഷിപ്പ് നിർത്തലാക്കുന്നതിനുള്ള അധികാരം സർവകലാശാലയിൽ നിക്ഷിപ്തമാണ്. സർവകലാശാലയുടെ മുൻകൂർ അനുമതി കൂടാതെ ഒരു വർഷം പൂർത്തിയാകുന്നതിന് മുൻപ് ഗവേഷകൻ ഗവേഷണം ഉപേക്ഷിച്ചുപോകുന്നപക്ഷം അതുവരെ കൈപ്പറ്റിയ ഫെലോഷിപ്പ് തുക തിരിച്ചടയ്ക്കേണ്ടതാണ്. സർവകലാശാലയുടെ സ്ഥിരം ജീവനക്കാർക്ക് അർഹമായ മറ്റ് യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും ഫെലോയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. സർവകലാശാലയിൽ ഭാവിയിൽ ഉണ്ടാകുന്ന നിയമനത്തിനോ സ്ഥാനക്കയറ്റത്തിനോ യോഗ്യതാ സേവനകാലമായി ഫെലോഷിപ്പ് കാലാവധി പരിഗണിക്കുന്നതല്ല. ഫെലോഷിപ്പ് കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുൻപ് പ്രോജക്റ്റ് പൂർത്തീകരിച്ചതിൻെറ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഗവേഷക മാർഗദർശിയുടെ അനുമതിയോടുകൂടി മാത്രമേ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കാൻ പാടുള്ളൂ. പ്രോജക്ടിനോടനുബന്ധിച്ച് ഏതെങ്കിലും പ്രസിദ്ധീകരണങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവയിൽ ഫെലോഷിപ്പ് രൂപത്തിൽ സർവകലാശാലയുടെ സഹായം ലഭിച്ച കാര്യം വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം പ്രസിദ്ധീകരണങ്ങളുടെ രണ്ട് പകർപ്പുകൾ ബന്ധപ്പെട്ട പഠനവകുപ്പിൽ ഏൽപ്പിക്കേണ്ടതുമാണ്.

ഫെലോഷിപ്പ് തുക ബന്ധപ്പെട്ട സർവകലാശാല പഠനവകുപ്പ് തലവന്മാർ ക്രമപ്രകാരം പിൻവലിച്ച് ഗവേഷകർക്കു വിതരണം ചെയ്യേണ്ടതാണ്. ഫെലോഷിപ്പിന് അർഹരാകുന്നവർ തങ്ങളുടെ ഗവേഷക മാർഗദർശിയും വകുപ്പുതലവനും സാക്ഷ്യപ്പെടുത്തിയ ജോയിനിങ്ങ് റിപ്പോർട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

കാലാകാലങ്ങളിൽ യു.ജി.സിയും സർവകലാശാലയും നടപ്പിൽ വരുത്തുന്ന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഫെലോഷിപ്പ് തുക നൽകുന്നത്. ഫെലോഷിപ്പ് തുക കൈപ്പറ്റുന്നതിന് ബന്ധപ്പെട്ട പഠനവകുപ്പ് തലവന്മാർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ (ഡ്യൂപ്ലിക്കേറ്റ് സഹിതം), ജോയിനിങ് റിപ്പോർട്ട്, രജിസ്ട്രേഷൻ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ, നിശ്ചിത മാതൃകയിലുള്ള പ്രതിമാസ ഗവേഷണ പുരോഗതിയുടെ റിപ്പോർട്ട്, റവന്യൂ സ്റ്റാമ്പോടുകൂടിയ മുൻകൂർ രസീത് എന്നിവ സഹിതം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

ഫെലോഷിപ്പ് ഇനത്തിലുളള മേൽ ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലെ ഗ്രാന്റ്സ് ആന്റ് സ്കോളർഷിപ്പ്-2241871-റിസർച്ച് സ്കോളർഷിപ്പ് എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

ഫെലോഷിപ്പിന് അർഹരാകുന്നവർ ₹200/- രൂപ (ഇരുനൂറു രൂപാ മാത്രം) വിലയുള്ള മുദ്രപത്ര ത്തിൽ സർവ്വകലാശാലയുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി.**

പകർപ്പ്.

1. ബന്ധപ്പെട്ട ഗവേഷകർ/ഗവേഷക മാർഗദർശികൾ/ഗവേഷണ കേന്ദ്രങ്ങൾ
2. വൈസ്ചാൻസിലർ/പ്രൊവൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ,പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. എസി.സി.1 & 2
5. എസി.എ2/10/11/ഇ.ബി.10 സെക്ഷനുകൾ.
6. പി.ആർ.ഒ./ഐ.ക്യൂ.എ.സി
7. ഓഡിറ്റ് 5/ഫിനാൻസ് 6
8. ഗവൺമെന്റ് ഓഡിറ്റ്
9. ജനറൽ ക്യാഷ് സെക്ഷൻ
10. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**